**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 38** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന ബഹിരാകാശ വ്യവസായ നയം 2026</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സിറിയക് തോമസ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന ബഹിരാകാശ വ്യവസായ നയം 2026 ന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന ബഹിരാകാശ വ്യവസായ നയം 2026 ന്റെ കരട് കേരള സ്പേസ് പാർക്കിന്റെ വെബ് സൈറ്റിലും ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ കീഴിലുള്ള മറ്റ് പബ്ലിക് ഡൊമൈനുകളിലും പൊതുജന അഭിപ്രായ സമാഹരണത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി)** സാമ്പത്തിക വളർച്ചക്ക് ഊർജ്ജം പകരുകയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന വ്യോമയാന-ബഹിരാകാശ മേഖലകളിലുള്ള സംരംഭങ്ങളാണോ നയത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സാമ്പത്തിക വളർച്ചയ്ക്ക് ഊർജ്ജം പകരുകയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന വ്യോമയാന ബഹിരാകാശ മേഖലകളിലുള്ള സംരംഭങ്ങളാണ് നയത്തിന്റെ പരിധിയിൽ വരുന്നത്. കേരള സ്പേസ് പാർക്ക് മുഖാന്തിരമാണ് പ്രസ്തുത നയം നടപ്പിലാക്കുന്നത്. പ്രസ്തുത നയത്തിന്റെ പരിധിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:-

1. പള്ളിപ്പുറം ടെക്നോസിറ്റിയിൽ നിർമ്മാണം പുരോഗമിക്കുന്ന ബഹിരാകാശ സാങ്കേതികവിദ്യാ വ്യവസായ ക്ലസ്റ്റർ പദ്ധതികൾ :
    1. 3.5 ഏക്കറിൽ 2,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള CFC, RDC കെട്ടിടങ്ങൾ.
    2. 16 ഏക്കർ ഭൂമി സ്വകാര്യ നിക്ഷേപങ്ങൾക്കായി ദീർഘകാല പാട്ടത്തിന് നൽകാൻ പദ്ധതിയിടുന്നു.
    3. സ്റ്റാർട്ടപ്പ് ആന്റ് ഇന്നൊവേഷൻ സെന്റർ.
    4. കോമൺ ഡിജിറ്റൽ എഞ്ചിനീയറിംഗ് ആന്റ് ഡിസൈൻ ലബോറട്ടറി.
2. പള്ളിപ്പുറത്തെ എം.എസ്.എം.ഇ അത്യാധുനിക ഉൽപ്പാദന സാങ്കേതികവിദ്യാ കേന്ദ്രം.
3. വേളിയിൽ 60 ഏക്കറിൽ വിഭാവനം ചെയ്യുന്ന എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് കോംപ്ലക്സ്.

4. തിരുവനന്തപുരം വലിയമലയിൽ 13.5 ഏക്കറിൽ വിഭാവനം ചെയ്യുന്ന ലിക്വിഡ് പ്രൊപ്പൽഷൻ ആൻഡ് ഇന്നൊവേഷൻ ക്ലസ്റ്റർ.
5. കൊച്ചിയിൽ 100 ഏക്കറിൽ വിഭാവനം ചെയ്യുന്ന ഏറോസ്പേസ് ഇൻഡസ്ട്രി ക്ലസ്റ്റർ.
6. തിരുവനന്തപുരം കോട്ടൂരിൽ 100 ഏക്കറിൽ വിഭാവനം ചെയ്യുന്ന സംയോജിത പ്രതിരോധ വ്യവസായ പാർക്ക് (IDIP).
7. തിരുവനന്തപുരം തോന്നയ്ക്കലിൽ 28.5 ഏക്കറിൽ വിഭാവനം ചെയ്യുന്ന ഏറോസ്പേസ് കോമ്പോസിറ്റ് സെന്റർ.
8. നാഷണൽ സെന്റർ ഫോർ യു.എ.വി, കൊല്ലം.
9. കോഴിക്കോടിൽ 100 ഏക്കറിൽ വിഭാവനം ചെയ്യുന്ന ഏറോസ്പേസ് ഇൻഡസ്ട്രി ക്ലസ്റ്റർ.

**(സി)** ഏത് ഏജൻസി വഴിയാണ് പ്രസ്തുത നയം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നയത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന സംരംഭങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** സാമ്പത്തിക വളർച്ചയ്ക്ക് ഊർജ്ജം പകരുകയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന വ്യോമയാന ബഹിരാകാശ മേഖലകളിലുള്ള സംരംഭങ്ങളാണ് നയത്തിന്റെ പരിധിയിൽ വരുന്നത്. കേരള സ്പേസ് പാർക്ക് മുഖാന്തിരമാണ് പ്രസ്തുത നയം നടപ്പിലാക്കുന്നത്. പ്രസ്തുത നയത്തിന്റെ പരിധിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:-

1. പള്ളിപ്പുറം ടെക്നോസിറ്റിയിൽ നിർമ്മാണം പുരോഗമിക്കുന്ന ബഹിരാകാശ സാങ്കേതികവിദ്യാ വ്യവസായ ക്ലസ്റ്റർ പദ്ധതികൾ :
    1. 3.5 ഏക്കറിൽ 2,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള CFC, RDC കെട്ടിടങ്ങൾ.
    2. 16 ഏക്കർ ഭൂമി സ്വകാര്യ നിക്ഷേപങ്ങൾക്കായി ദീർഘകാല പാട്ടത്തിന് നൽകാൻ പദ്ധതിയിടുന്നു.
    3. സ്റ്റാർട്ടപ്പ് ആന്റ് ഇന്നൊവേഷൻ സെന്റർ.
    4. കോമൺ ഡിജിറ്റൽ എഞ്ചിനീയറിംഗ് ആന്റ് ഡിസൈൻ ലബോറട്ടറി.
2. പള്ളിപ്പുറത്തെ എം.എസ്.എം.ഇ അത്യാധുനിക ഉൽപ്പാദന സാങ്കേതികവിദ്യാ കേന്ദ്രം.
3. വേളിയിൽ 60 ഏക്കറിൽ വിഭാവനം ചെയ്യുന്ന എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് കോംപ്ലക്സ്.
4. തിരുവനന്തപുരം വലിയമലയിൽ 13.5 ഏക്കറിൽ വിഭാവനം ചെയ്യുന്ന ലിക്വിഡ് പ്രൊപ്പൽഷൻ ആൻഡ് ഇന്നൊവേഷൻ ക്ലസ്റ്റർ.
5. കൊച്ചിയിൽ 100 ഏക്കറിൽ വിഭാവനം ചെയ്യുന്ന ഏറോസ്പേസ് ഇൻഡസ്ട്രി ക്ലസ്റ്റർ.
6. തിരുവനന്തപുരം കോട്ടൂരിൽ 100 ഏക്കറിൽ വിഭാവനം ചെയ്യുന്ന സംയോജിത പ്രതിരോധ വ്യവസായ പാർക്ക് (IDIP).
7. തിരുവനന്തപുരം തോന്നയ്ക്കലിൽ 28.5 ഏക്കറിൽ വിഭാവനം ചെയ്യുന്ന ഏറോസ്പേസ് കോമ്പോസിറ്റ് സെന്റർ.
8. നാഷണൽ സെന്റർ ഫോർ യു.എ.വി, കൊല്ലം.
9. കോഴിക്കോടിൽ 100 ഏക്കറിൽ വിഭാവനം ചെയ്യുന്ന ഏറോസ്പേസ് ഇൻഡസ്ട്രി ക്ലസ്റ്റർ.

**സെക്ഷൻ ഓഫീസർ**